**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3802** **06-08-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളിലെ മേൽശാന്തി നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | എൻ. ആദിത്യൻ v/s തിരുവിതാംകൂർ ദേവസ്വം ബോർഡ് കേസിൽ 2002-ൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി എല്ലാ ക്ഷേത്രങ്ങൾക്കും ബാധകമാണെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡുകൾക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ അല്ലെങ്കിൽ സർക്കുലർ സർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശാന്തി നിയമനം നടത്തുന്നത്. |
| (ബി) | ശബരിമല, മാളികപ്പുറം ക്ഷേത്രങ്ങളിലെ മേൽശാന്തി തസ്തികയിലേയ്ക്ക് ഏതെങ്കിലും പ്രത്യേക കുടുംബങ്ങൾക്ക് കാരാൺമ/ഹെറിഡിറ്ററി അവകാശങ്ങൾ നില നിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | മലയാള ബ്രാഹ്മണൻ എന്നത് ഒരു പ്രത്യേക വർഗ്ഗമാണ് എന്ന നിലപാട് ഹൈക്കോടതിയിൽ തിരുവിതാംകൂർ ദേവസ്വം സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ആദിത്യൻ v/s തിരുവിതാംകൂർ ദേവസ്വം ബോർഡ് കേസിലെ വിധി താൽക്കലിക ശാന്തിനിയമനങ്ങളിൽ ഉൾപ്പെടെ നടപ്പിലാക്കാൻ ഈ സർക്കാരിനും ദേവസ്വം ബോർഡുകൾക്കും ബാധ്യതയുണ്ടോ എന്നറിയിക്കുമോ? | (ഡി) | ആദിത്യൻ v/s തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്ന കേസിലെ വിധിന്യായം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബാധകമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ